# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സർക്കാർ ഇതര സംഘടനകളുടെ അക്രഡിറ്റേഷനു വേണ്ടിയുള്ള അപേക്ഷ - പരിശോധന നടത്തി അംഗീകാരം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(എം.എസ്)നം. 325/2013/തസ്വഭവ        തിരുവനന്തപുരം, തീയതി : 05.10.2013.

---

പരാമർശം:- (1) 30.03.2013-ലെ സ.ഉ (എം.എസ്)133/13/തസ്വഭവ
(2) 11.07.2013-ലെ സ.ഉ(സാധാ)1833/2013/തസ്വഭവ
(3) 21.08.2013-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം ഇനം നം.2.4

## ഉത്തരവ്

പരാമർശം 1 ഉത്തരവിലെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനായി പരാമർശം 3-ലെ കോ-ഓർഡിനേഷൻ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്രഡിറ്റേഷനുവേണ്ടി അപേക്ഷിക്കുന്ന സ്ഥാപനം അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് പരാമർശം 1 ഉത്തരവിലെ അനുബന്ധം ഒന്ന് ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ അപേക്ഷ ഫീസായി 10,000/-രൂപ (പതിനായിരം രൂപാ മാത്രം)യുടെ ഡിമാന്റ് ഡ്രാഫ്റ്റ് പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മുൻപ് അക്രഡിറ്റേഷൻ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ വീണ്ടും അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം പ്രസ്തുത സ്ഥാപനങ്ങൾ ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള സേവനത്തിന്റെ റിപ്പോർട്ട് കൂടി സമർപ്പിക്കേണ്ടതാണ്. .

കില ഡയറക്ടർ പഞ്ചായത്ത് ഡയറക്ടറുടെ മേൽനോട്ടത്തിൽ പരാമർശം 2 ഉത്തരവിൽ നിയോഗിച്ചിട്ടുള്ള മേഖല വിദഗ്ദ്ധരിൽ ഓരോ മേഖലയ്ക്കും ലഭ്യമായ രണ്ട് പേരുടെ സേവനം പ്രയോജനപ്പെടുത്തി അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജയിംസ് വർഗീസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ, കില, തൃശൂർ
7. എല്ലാ ജില്ലാ കളക്ടർ (ആസൂത്രണ സമിതി സെക്രട്ടറി)മാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

9. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മിഷണർ(ജനറൽ)മാർക്കും
10. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
11. മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക് (നഗരകാര്യം)
12. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾക്ക്
13. ജനറൽ സെക്രട്ടറി, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
14. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
15. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
16. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ